# ഭാരതീയ ജനതാ പാർട്ടി

(കേന്ദ്രീയ ഓഫീസ്)

11, അശോകാ റോഡ്, ന്യൂദൽഹി- 110001

ഫോൺ: 23005700, ഫാക്സ്: 23005787

മാർച്ച് 11, 2014

## രാജ്യസഭയിലെ ബി.ജെ.പിയുടെ എം.പിയും പ്രതിപക്ഷ ഡെപ്യൂട്ടി ലീഡറുമായ ശ്രീ. രവിശങ്കർ പ്രസാദിന്റെ പ്രസ്താവന

## സ്വന്തം ഗവൺമെന്റിന്റെ പ്രശ്നങ്ങൾക്ക് ഉത്തരം നൽകാൻ കഴിയാതെ ചരിത്രത്തെ വളച്ചൊടിക്കുവാൻ രാഹുൽഗാന്ധി ശ്രമിക്കുന്നു

2014ലെ തിരഞ്ഞെടുപ്പിൽ ഇന്നു രാജ്യം നേരിടുന്ന പ്രശ്നങ്ങളായ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, കുറഞ്ഞ് 4.7 ശതമാനമായി മാറിയ സാമ്പത്തികവളർച്ചാനിരക്ക്, വിലവർദ്ധനവ്, കൂടിവരുന്ന അഴിമതി, പൊതുഖജനാവ് കൊള്ളയടിക്കൽ, ദേശീയ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ സാമ്പത്തികപ്രശ്നങ്ങൾ രാജ്യത്താകമാനം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ഇന്ത്യയുടെ പ്രതിച്ഛായയ്ക്കുതന്നെ കളങ്കം വരുത്തുകയും ചെയ്തു. ഈ അവസരത്തിൽ ഇന്ത്യയിലെ ജനങ്ങൾ ഒരു മാറ്റത്തിനുവേണ്ടി ആഗ്രഹിക്കുന്നു. ഈ പ്രശ്നങ്ങൾക്കൊക്കെ ഉത്തരം കണ്ടെത്താൻ രാഹുൽഗാന്ധിക്കു കഴിയുമോ എന്ന ചോദ്യം ഇത്തരുണത്തിൽ ന്യായമായും ഉയർന്നുവരുന്നു. നിർഭാഗ്യവശാൽ ഇതിന് ഉത്തരം നൽകാൻ രാഹുൽഗാന്ധിക്ക് കഴിയുന്നില്ല. പകരം ഇവയിൽ നിന്ന് ശ്രദ്ധ തിരി ച്ചുവിടുന്നതിനുവേണ്ടി മഹാത്മാഗാന്ധിയുടെ മരണത്തിൽ ആർ.എസ്.എസ്സിന് പങ്കുണ്ടെന്ന ആരോപണം അദ്ദേഹം ഉന്നയിക്കുന്നു. ജസ്റ്റിസ് കപൂർ കമ്മിഷൻ ഉൾപ്പെടെ നിരവധി അന്വേഷണക്കമ്മിഷനുകൾ ഈ ആരോപണം അടിസ്ഥാനരഹിതമാണെന്ന് വളരെ നാളുകൾക്കുമുമ്പുതന്നെ കണ്ടെത്തിയിരുന്നു. ഗൃഹപാഠമില്ലാതെയോ ചരിത്രം മനസ്സിലാക്കാതെയോ ആണ് രാഹുൽഗാന്ധി ഇത്തരം പ്രസ്താവനകളിറക്കുന്നത്.

“പട്ടേൽ – ഒരു ജീവിതംഎന്ന ശ്രീ. സർദാർ പട്ടേലിന്റെ ജീവചരിത്രം എഴുതിയ മഹാത്മാഗാന്ധിയുടെ ചെറുമകൻ ശ്രീ. രാജ്മോഹൻ ഗാന്ധി തന്റെ പുസ്തകത്തിൽ 472–ാം പേജിൽ 27.02.1948ൽ സർദാർ പട്ടേൽ ജവഹർലാൽ നെഹ്റുവിന് എഴുതിയ കത്തിന്റെ സാരാംശം താഴെ കൊടുക്കുന്നു:

“ബാപ്പുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തെക്കുറിച്ചുള്ള പുരോഗതിയെ ദിവസേന വിലയിരുത്താറുണ്ട്. ദില്ലി പൊലീസ് മേധാവിയായ സഞ്ജീവിയുമായി വൈകുന്നേരങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട്. കൂടാതെ അന്വേഷണത്തിന്റെ പുരോഗതിക്കുവേണ്ടി നിർദ്ദേശങ്ങൾ നൽകാറുമുണ്ട്.

കുറ്റം ആരോപിക്കപ്പെട്ടവരെല്ലാം സുദീർഘമായ പ്രസ്താവനകൾ നൽകിക്കഴിഞ്ഞതിലൂടെ ആർ.എസ്.എസ്സിന് ഇതിൽ യാതൊരു പങ്കുമില്ലെന്ന് വ്യക്തമാണ്. ഈ കൊലപാതകത്തിന്റെ ഗൂഢാലോചന നടത്തിയതും അതിന് രൂപകല്പന ചെയ്തതും ഹിന്ദുമഹാസഭ എന്ന സംഘടനയാണ്.

ആയതിനാൽ, പൊലീസ് നടത്തിയ വ്യക്തമായ അന്വേഷണത്തിലൂടെ ആർ.എസ്.എസ്സിന് ഈ കൊലപാതകവുമായി യാതൊരു ബന്ധവുമില്ലെന്ന് സർദാർ പട്ടേൽ വ്യക്തമാക്കുന്നുണ്ട്. പൊതുജനപിന്തുണ നഷ്ടപ്പെട്ട് നിരാശാഭരിതരായിത്തീർന്ന കോൺഗ്രസിന് തിരഞ്ഞെടുപ്പിലൂടെ കനത്ത പ്രഹരം ലഭിക്കുമെന്ന് ഉറപ്പായി ക്കഴിഞ്ഞു. അതുകൊണ്ട് തെറ്റിദ്ധാരണ പരത്തുന്നതും ശുദ്ധ അസംബന്ധവുമായ പ്രചാരണം ജനം തള്ളിക്കളയുമെന്ന കാര്യത്തിൽ തർക്കമില്ല. നീണ്ടനാളത്തെ നെഹ്റുഇന്ദിരാഗാന്ധി ഭരണകാലത്ത് സർദാർ പട്ടേലിനും മൗലാന ആസാദിനും എന്തുകൊണ്ട് ഭാരതരത്ന നൽകിയില്ല?

രാഹുൽഗാന്ധിയും കോൺഗ്രസും ചരിത്രത്തെക്കുറിച്ച് തെറ്റിദ്ധാരണ പരത്തിയതിനാൽ, കോൺഗ്രസ് പാർട്ടിയോടും അതിന്റെ നേതാക്കന്മാരോടും പ്രത്യേകിച്ച് രാഹുൽഗാന്ധിയോടും ഈ അവസരത്തിൽ ഒരു ചോദ്യം ഉന്നയിക്കേണ്ടിവരുന്നു. സർദാർ പട്ടേലും മൗലാനാ ആസാദും ഭാരതരത്നം ലഭിക്കുന്നതിന് തികച്ചും അർഹരായിരുന്നു. സർദാർ പട്ടേൽ 1950ലും മൗലാനാ ആസാദ് 1959ലും അന്തരിച്ചു. സ്വാതന്ത്ര്യാനന്തരം പതിനേഴുവർഷം ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നു. അതുപോലെ ഇന്ദിരാഗാന്ധി പതിനാറു വർഷവും രാജീവ് ഗാന്ധി അഞ്ചുവർഷവും പ്രധാനമന്ത്രി പദം അലങ്കരിച്ചു. ഈ മുപ്പത്തിയെട്ടു വർഷത്തെ കാലയളവിൽ ശ്രീ. നെഹ്റുവും ശ്രീമതി ഇന്ദിരാഗാന്ധിയും ഉൾപ്പെടെ പല ദേശീയ നേതാക്കൾക്കും ഭാരതരത്നം ലഭിച്ചിരുന്നു.

നെഹ്റു– ഇന്ദിര ഭരണസമയത്ത് ഭാരതരത്ന നൽകുന്നതിന് സർദാർ പട്ടേലും മൗലാനാ ആസാദും അനുയോജ്യരല്ലായിരുന്നോ എന്നുള്ള സംശയം ഇന്ത്യാക്കാർക്കിടയിൽ ഉയർന്നുവന്നിട്ടുണ്ട്. വർഷങ്ങൾക്കുശേഷം 1991ൽ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള സർക്കാർ സർദാർ പട്ടേലിന് ഭാരതരത്ന നൽകി. തുടർന്ന് 1992ൽ ഇതേ അവാർഡ് മൗലാനാ ആസാദിനും ലഭിച്ചു.

നെഹ്റു കുടുംബത്തിന് പുറത്തുള്ളതും കോൺഗ്രസ് പാർട്ടിക്കുള്ളിൽ വളരെ അപൂർവ്വമായി ചർച്ചചെയ്യപ്പെടുന്ന പ്രധാനമന്ത്രിയുമായിരുന്ന ശ്രീ. റാവുവാണ് ഇതിനു ധൈര്യം കാണിച്ചത്. സർദാർ പട്ടേലിനോടും മൗലാനാ ആസാദിനോടും വിവേചനം കാണിച്ചത് എന്തിനാണെന്ന് രാഹുൽഗാന്ധി ബി.ജെ.പിയോട് മറുപടി പറയണം. ഇന്നും കോൺഗ്രസ് പാർട്ടി നെഹ്റു കുടുംബത്തോടു മാത്രമേ കൂറു പുലർത്തുന്നതായി കാണുന്നുള്ളൂ.

**(അരുൺ കുമാർ ജെയിൻ)**
**ഓഫീസ് സെക്രട്ടറി**